13850
7/9/16

File No.FWLD-F1/316/2016-FWLD

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം - വനം വന്യജീവി വകുപ്പിൽ നോർത്ത് വയനാട് ഡിവിഷന് കീഴിൽ വാച്ചറായി ജോലി ചെയ്തുവരുന്ന ശ്രീ കാളന് ജോലിയിൽ ചേരുന്നതിനുള്ള ചേരുംകാല സമയം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.[സാധാ] നം. 260 /2016/വനം** **തിരുവനന്തപുരം, തീയതി: 07/07/2016**

പരാമർശം:- 1. 14/05/2015 ലെ സ.ഉ.[എം.എസ്] നം. 29/2015/വനം ഉത്തരവ്.

2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28/04/2016 ലെ ഇ 6-9299/2012 (1) കത്ത്.

**ഉത്തരവ്**

വനം വകുപ്പിൽ നോർത്ത് വയനാട് ഡിവിഷനിൽ താൽക്കാലിക വാച്ചറായി ജോലി ചെയ്തുവന്നിരുന്ന ശ്രീ കാളന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സ്ഥിരനിയമനം നല്കി സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ടിയാന് 28/08/2014-ൽ ജോലിക്കിടെ പക്ഷാഘാതം വന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ടിയാന് തുടർ ചികിൽസ ആവശ്യമായതിനാൽ സർവ്വീസിൽ പ്രവേശിക്കുന്നതിന് 6 മാസത്തെ ചേരുംകാല സമയം ദീർഘിപ്പിച്ച് നൽകുന്നതിന് ഉത്തരവാകണമെന്ന് പരാമർശം 2 പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ കാളന് സർവ്വീസിൽ പ്രവേശിക്കുന്നതിന് 6 മാസത്തെ ചേരുംകാല സമയം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**നസറുദ്ദീൻ.എ**
**അണ്ടർ സെക്രട്ടറി**

പകർപ്പ്:

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (ഭരണം)
ശ്രീ കാളൻ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,(ഭരണം) മുഖേന
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ് & മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Sefeena

**സെക്ഷൻ ഓഫീസർ**